ഉത്തരം

(എ) ഉണ്ട്.

(ബി) 1984 നവംബർ 28-ന്.

(സി, ഡി) 1.3. കി.മീ. 11 കെ. വി. ലൈൻ ഒരു 63 കെ.വി.എ. ട്രാൻസ്ഫോർമറും 300 മീറ്റർ എൽ. റ്റി. ലൈനും ഉൾപ്പെട്ട 95,620 രൂപ മതിപ്പു ചിലവുള്ള ഈ ജോലിക്കുവേണ്ടി ടർഘാസ് വിളിച്ചെങ്കിലും ആരും തന്നെ ടെണ്ടർ നൽകിയില്ല. അതുകൊണ്ട് റീടെണ്ടർ ചെയ്തു കരാർ ഉറപ്പിക്കാനുള്ള നടപടികൾ ബോർഡ് എടുത്തു വരുന്നു. കഴിയുന്നതും വേഗം ഈ ജോലി പൂർത്തീകരിക്കുന്നതാണ്.

കണ്ണൂക്കര മുതൽ വെള്ളിക്കുളങ്ങര വരെ വിദ്യുച്ഛക്തി ലൈൻ നീട്ടാൻ നടപടി

194 [210] ശ്രീ. കെ. മൂസ്സക്കുട്ടി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന്റെ തലശ്ശേരി ഡിവിഷനിലെ മുട്ടുങ്ങൽ മേജർ സെക്ഷനതിർത്തിയിൽപ്പെട്ട കണ്ണൂക്കര മുതൽ ഒഞ്ചിയം വഴി വെള്ളിക്കുളങ്ങര വരെ വിദ്യുച്ഛക്തി ലൈൻ വലിക്കുന്നതിനു ഇതിനകം എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) ഈ പ്രദേശത്ത് മിനിമം ഗാരണ്ടി വെച്ചിട്ടുള്ളവരുടെ വീടുകളിലേക്ക് കണക്ഷൻ നൽകാതിരിക്കുന്നതിന്റെ കാരണമെന്താണ്;

(സി) മെറ്റീരിയൽസ് ഇല്ലാത്തതുകൊണ്ടാണ് ലൈൻ വലിച്ചു കഴിഞ്ഞിട്ടും വീടുകൾക്ക് കണക്ഷൻ നൽകാതിരിക്കുന്നതെന്നറിയുന്നത് ശരിയാണോ;

(ഡി) എങ്കിലിതിനാവശ്യമായ മെറ്റീരിയൽസ് അലോട്ടു ചെയ്യുന്നതിനു നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) എച്ച്. റ്റി. യും എൽ.റ്റി. യും ലൈൻ വലിച്ചുകഴിഞ്ഞു. സർവ്വീസ് ലൈൻ മാത്രം വലിക്കാനുണ്ട്.

(ബി) വേണ്ടത്ര ഇലക്ട്രിക് പോസ്റ്റുകൾ ലഭ്യമല്ലാത്തതാണ് കാരണം.

(സി, ഡി) പോസ്റ്റുകൾ ലഭ്യമാക്കുന്നതിനു അടിയന്തിര നടപടി സ്വീകരിച്ചുകഴിഞ്ഞു. പോസ്റ്റുകൾ കിട്ടിക്കഴിഞ്ഞാൽ ഇപ്പോഴുള്ള കാലതാമസം ഒഴിവായിക്കിട്ടുന്നതാണ്.

എടക്കര പ്രദേശത്തേക്കു വൈദ്യുത ലൈൻ നീട്ടാൻ നടപടി

195 [211] ശ്രീ. എ. സി. ഷൺമുഖദാസ്: താഴെക്കാണുന്ന ചോദ്യത്തിന് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോഴിക്കോട് ജില്ലയിൽപ്പെട്ട ഏറഞ്ഞിക്കൽ ഇലക്ട്രിക്കൽ സെക്ഷനിലെ എടക്കര പ്രദേശത്തേക്കു വൈദ്യുത ലൈൻ നീട്ടുന്ന പ്രവൃത്തി എന്നു പൂർത്തിയാക്കാൻ കഴിയും?

LIBRARY ARCHIVES Kerala Legislative Assembly